സൂറഃ-8

# അൽ അൻഫാൽ

وَلَوْ تَرَىٰٓ إِذْ يَتَوَفَّى ٱلَّذِينَ كَفَرُوا۟ ۙ ٱلْمَلَٰٓئِكَةُ يَضْرِبُونَ
وُجُوهَهُمْ وَأَدْبَٰرَهُمْ وَذُوقُوا۟ عَذَابَ ٱلْحَرِيقِ ﴿٥٠﴾

**50.** മലക്കുകൾ ധർമധിക്കാരികളുടെ ആത്മാക്കളെ അവരുടെ മുഖത്തും പുറത്തും അടിച്ചുകൊണ്ട് പിടിച്ചെടുക്കുന്നത് നിനക്ക് കാണാൻ കഴിയുമെങ്കിൽ! അപ്പോൾ അവർ പറയുന്നുണ്ടാകും: ഇനി കരിക്കുന്ന ശിക്ഷ രുചിച്ചുകൊള്ളുവിൻ.

ذَٰلِكَ بِمَا قَدَّمَتْ أَيْدِيكُمْ وَأَنَّ ٱللَّهَ لَيْسَ بِظَلَّٰمٍ لِّلْعَبِيدِ ﴿٥١﴾

**51.** നിങ്ങളുടെ കരങ്ങൾ തന്നെ നേരത്തെ ചെയ്തു കൂട്ടിയതിന്റെ ഫലമത്രെ ഇത്. അതല്ലാതെ, അല്ലാഹു അവന്റെ ദാസന്മാരോട് അതിക്രമം ചെയ്യുന്നവനല്ല തന്നെ.

كَدَأْبِ ءَالِ فِرْعَوْنَ ۙ وَٱلَّذِينَ مِن قَبْلِهِمْ ۚ كَفَرُوا۟ بِـَٔايَٰتِ ٱللَّهِ فَأَخَذَهُمُ ٱللَّهُ
بِذُنُوبِهِمْ ۗ إِنَّ ٱللَّهَ قَوِىٌّ شَدِيدُ ٱلْعِقَابِ ﴿٥٢﴾

**52.** ഫറവോനികളിലും അവർക്കു മുമ്പുള്ള ജനങ്ങളിലും ഉണ്ടായതുപോലെത്തന്നെയാകുന്നു ഇക്കൂട്ടരിലും അല്ലാഹുവിന്റെ നടപടിയുണ്ടായത്. അവരൊക്കെയും ദൈവികദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയായിരുന്നു. അങ്ങനെ അവരുടെ പാപങ്ങളെ പ്രതി അല്ലാഹു അവരെയെല്ലാം പിടികൂടി. തീർച്ചയായും അല്ലാഹു പരമശക്തനും കൊടിയ ശിക്ഷകനുമാകുന്നു.

ذَٰلِكَ بِأَنَّ ٱللَّهَ لَمْ يَكُ مُغَيِّرًا نِّعْمَةً أَنْعَمَهَا عَلَىٰ قَوْمٍ
حَتَّىٰ يُغَيِّرُوا۟ مَا بِأَنفُسِهِمْ ۙ وَأَنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿٥٣﴾

**53.** ഒരു സമുദായം അതിന്റെ സ്വഭാവം സ്വയം മാറ്റുന്നതുവരെ, അവർക്കരുളിയ അനുഗ്രഹങ്ങൾ അല്ലാഹു മാറ്റുന്നതല്ല എന്ന തത്ത്വമനുസരിച്ചാണിതൊക്കെയും നടക്കുന്നത്. അല്ലാഹു എല്ലാം കേൾക്കുകയും സൂക്ഷ്മമായി അറിയുകയും ചെയ്യുന്നുവെന്നതുകൊണ്ടും.

وَلَوْ تَرَىٰ= നീ കാണു(കാണാൻ കഴിയു)മെങ്കിൽ إِذْ يَتَوَفَّى= മരിപ്പിക്കുന്നത്(ആത്മാക്കളെ പിടിച്ചെടുക്കുന്നത്)
ٱلَّذِينَ كَفَرُوا= ധർമധിക്കാരികളായവരുടെ ٱلْمَلَٰٓئِكَةُ= മലക്കുകൾ يَضْرِبُونَ= അവർ അടിക്കുന്നു(അടിച്ചുകൊണ്ട്)
وُجُوهَهُمْ= അവരുടെ മുഖങ്ങളെ(മുഖത്തും) وَأَدْبَٰرَهُمْ= അവരുടെ പിൻഭാഗങ്ങളിലും(പുറത്തും)
وَذُوقُوا= (അപ്പോൾ മലക്കുകൾ പറയുന്നുണ്ടാകും) ഇനി രുചിച്ചുകൊള്ളുവിൻ عَذَابَ ٱلْحَرِيقِ= കരിക്കുന്ന ശിക്ഷ (നരക ശിക്ഷ)
ذَٰلِكَ= ഇത് بِمَا قَدَّمَتْ= മുന്തിച്ചതിന്റേതാകുന്നു (നേരത്തെ ചെയ്തു കൂട്ടിയതിന്റെ ഫലമത്രെ) أَيْدِيكُمْ= നിങ്ങളുടെ കരങ്ങൾ(തന്നെ)
وَأَنَّ ٱللَّهَ= (അല്ലാതെ) തീർച്ചയായും അല്ലാഹു لَيْسَ= അല്ല(തന്നെ) بِظَلَّٰمٍ= ഏറെ അതിക്രമം ചെയ്യുന്നവൻ, നിഷ്ഠുര മർദകൻ
لِّلْعَبِيدِ= (അവന്റെ) ദാസന്മാർക്ക്
كَدَأْبِ= സമ്പ്രദായം പോലെ (നടപടി പോലെത്തന്നെയാകുന്ന ഇക്കൂട്ടരിലും അല്ലാഹുവിന്റെ നടപടിയുണ്ടായത്)
ءَالِ فِرْعَوْنَ= ഫറവോനിക(ളിലും)ളുടെ وَٱلَّذِينَ مِن قَبْلِهِمْ= അവർക്കു മുമ്പുള്ള(ജനങ്ങളിലും)വരുടെയും

അവർ(ഒക്കെയും) ദൈവിക ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു(ക്കുകയായിരുന്നു) =كَفَرُوا۟ بِـَٔايَـٰتِ ٱللَّـهِ
നിശ്ചയം അല്ലാഹു =إِنَّ ٱللَّهَ അവരുടെ പാപങ്ങളെ പ്രതി =بِذُنُوبِهِمْ അപ്പോൾ, അങ്ങനെ അല്ലാഹു അവരെ പിടികൂടി =فَأَخَذَهُمُ ٱللَّـهُ
ഇത്(ഒക്കെയും നടക്കുന്നത്) =ذَٰلِكَ കൊടിയ ശിക്ഷകനുമാകുന്നു =شَدِيدُ ٱلْعِقَابِ അതിശക്തനാകുന്നു =قَوِىٌّ
ഒരനുഗ്രഹം =نِّعْمَةً മാറ്റുന്നവൻ(മാറ്റുന്നത്) =مُغَيِّرًا ആയിട്ടില്ല(അല്ല) =لَمْ يَكُ എന്തുകൊണ്ടെന്നാൽ അല്ലാഹു =بِأَنَّ ٱللَّهَ
അവർ(സ്വയം) മാറ്റുന്നതുവരെ =حَتَّىٰ يُغَيِّرُوا۟ ഒരു സമുദായത്തിന് =عَلَىٰ قَوْمٍ അത് അവൻ അനുഗ്രഹിച്ചു (അരുളിയ) =أَنْعَمَهَا
നിശ്ചയം അല്ലാഹു(ആകുന്നു എന്നതുകൊണ്ടും) =وَأَنَّ ٱللَّهَ അവരുടെ മനസ്സിലുള്ളതിനെ, സ്വഭാവത്തെ, കർമരീതിയെ =مَا بِأَنفُسِهِمْ
സൂക്ഷ്മമായി അറിയുന്നവൻ(യുകയും ചെയ്യുന്നവൻ) =عَلِيمٌ എല്ലാം കേൾക്കു(ന്നു)ന്നവൻ =سَمِيعٌ

**50,51:** ബദ്റിൽ മുസ്‌ലിംകൾക്കുണ്ടായ അത്ഭുതകരമായ വിജയത്തെയും ധർമധിക്കാരികൾക്കുണ്ടായ കനത്ത പരാജയത്തെയും കുറിച്ചാണ് ഇതുവരെ പറഞ്ഞത്. ധർമധിക്കാരികളുടെ പരാജയം യുദ്ധത്തിലെ ഈ തോൽവികൊണ്ട് അവസാനിക്കുന്നില്ല എന്നാണ് ഈ സൂക്തം വ്യക്തമാക്കുന്നത്. അവരുടെ കർമഫലം ഇനിയും അവശേഷിക്കുകയാണ്. മരണത്തോടെയാണ് അതവർക്ക് ലഭിച്ചുതുടങ്ങുക. മരണം തന്നെ ശിക്ഷയുടെ തുടക്കമാകുന്നു. അവരുടെ മുഖത്തും പുറത്തും കഠിനമായി പ്രഹരിച്ചുകൊണ്ടായിരിക്കും മലക്കുകൾ അവരുടെ ജീവൻ പിടിച്ചെടുക്കുന്നത്. അതുപക്ഷേ, ജീവിച്ചിരിക്കുന്നവർക്ക് അഗോചരമായിരിക്കും. ജീവിച്ചിരിക്കുന്നവർക്ക്- പ്രവാചകനു പോലും- അതെങ്ങാൻ ഗോചരമാവുകയാണെങ്കിൽ അവർക്കത് കണ്ടുനിൽക്കാനാവില്ല; അത്രക്കു ഭീകരമായിരിക്കും. പ്രവാചകനോട് 'നീ അതുകാണുകയാണെങ്കിൽ' എന്നുപറഞ്ഞ് അവസാനിപ്പിച്ചിരിക്കുകയാണ്. എങ്കിൽ എന്താണുണ്ടാവുക എന്നു പറയുന്നില്ല. ആ ദൃശ്യത്തിന്റെ ഭയാനകതയും രൗദ്രതയും വാക്കുകൾക്കതീതമാണ്, അവർണ്ണനീയമാണ് എന്നാണതിന്റെ ധ്വനി.

ഭീകരമായ മരണാനുഭവത്തിനു ശേഷം അതിനെക്കാൾ ബീഭത്സമായ നരകത്തിലേക്കാണവർ നയിക്കപ്പെടുക. പിന്നെ കാലാകാലം അതിൽ വെന്തെരിയുകയാണവരുടെ ഗതി. സുഖിച്ചുവാണ ശരീരങ്ങളിൽനിന്ന് ആത്മാക്കളെ കത്തിക്കാളുന്ന നരകത്തിലേക്ക് അടിച്ചോടിക്കുകയാണ് മലക്കുകൾ. മരണവേളയിൽ അവർ മുന്നിൽനിന്നും പിന്നിൽനിന്നും പ്രഹരമേറ്റുകൊണ്ടിരിക്കും. ഇനി കരിക്കുന്ന ശിക്ഷ രുചിച്ചുകൊള്ളുവിൻ എന്ന് മലക്കുകൾ ശപിക്കുകയും ചെയ്യും.

ധർമധിക്കാരികൾക്കുള്ള ഇത്ര കൊടൂരമായ ശിക്ഷ അല്ലാഹു അവരുടെനേരെ അനുവർത്തിക്കുന്ന അക്രമമോ മർദനമോ ഒന്നുമല്ല. ഓരോ കർമത്തിനും നിശ്ചിത ഫലമുണ്ടാവുക എന്നത് മാറ്റമില്ലാത്ത പ്രാപഞ്ചിക നിയമമാണ്. ആ നിയമത്തിന്മേലാണ് പ്രപഞ്ചം നിലനിന്നുവരുന്നത്. അതേ നിയമമനുസരിച്ച് സ്വന്തം കർമങ്ങളുടെ ഫലമനുഭവിക്കുകയാണവർ. സൽഫലമർഹിക്കുന്ന കർമങ്ങളേത്, ദുഷ്ഫലമർഹിക്കുന്ന കർമങ്ങളേത് എന്ന് അല്ലാഹു മനുഷ്യനെ അവന്റെ നൈസർഗിക വാസനയിലൂടെ, ചിന്താശേഷിയിലൂടെ, പ്രവാചകന്മാരുടെ പ്രബോധനങ്ങളിലൂടെ, വേദപ്രമാണങ്ങളിലൂടെ എല്ലാം പഠിപ്പിച്ചിട്ടുണ്ട്. ആ പാഠങ്ങളെ തള്ളിക്കളഞ്ഞ് ദുഷ്ചെയ്തികളിൽ വിഹരിച്ചവർ അനിവാര്യമായി അഭിമുഖീകരിക്കേണ്ട പരിണതിയിലെത്തിയിരിക്കുകയാണ് നിങ്ങൾ എന്നും, അല്ലാതെ അല്ലാഹു നിങ്ങളോടായിട്ട് യാതൊരു അക്രമമമോ അനീതിയോ കാണിക്കുകയില്ലെന്നും അന്ന് മലക്കുകൾ അവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കും.

**ظالم** -അക്രമി-ന്റെ അത്യുക്തി രൂപമാണ് **ظلّام**. മഹാ അക്രമി, അതിനിഷ്ഠുരൻ എന്നർഥം. അത്യുക്തിയെ നിഷേധത്തോട് ചേർത്തുപറയുക അറബി ഭാഷയിലെ ഒരു ശൈലിയാണ്. നിഷേധത്തോടാണ് അപ്പോൾ അത്യുക്തി ബന്ധപ്പെടുക. **ليس بقتّال** എന്നാലർഥം അയാൾ വലിയ യുദ്ധവീരനല്ല എന്നല്ല പ്രത്യുത അയാൾക്ക് തീരെ യുദ്ധ വീര്യമില്ല, അയാൾ വാക്കിൽ മാത്രം വീരനാണ്, കർമത്തിൽ അല്ല എന്നാണ്. ഒട്ടും അക്രമിക്കുന്നവനല്ല, യാതൊരനീതിയും കാണിക്കുന്നവനല്ല എന്നാണ് **ليس بظلّام**-ന് അർഥം. അല്ലാഹു അവന്റെ സൃഷ്ടികളോട് യാതൊരനീതിയും ചെയ്യുകയില്ല. നിഷ്പക്ഷ നീതിയാണവന്റെ നിയമം. ഓരോരുത്തനും എന്തു പ്രവർത്തിച്ചുവോ അതിന്റെ ഫലമനുഭവിക്കുന്നു. ശാശ്വതമായ നരകശിക്ഷയർഹിക്കുന്ന കർമം ചെയ്തവന് പരലോകത്ത് അതുതന്നെ അനുഭവിക്കേണ്ടിവരും. ശാശ്വതസ്വർഗം അർഹിക്കുന്ന കർമം ചെയ്തവർക്ക് അതും കിട്ടും. ഭാഗികമായി നരകവും ഭാഗികമായി സ്വർഗവും അർഹിക്കുന്ന നന്മ തിന്മ സമ്മിശ്രമായ കർമ ചരിത്രവുമായി പരലോകത്തെത്തുന്നവർക്ക് രണ്ടും ലഭിക്കുന്നു. ഇക്കാര്യം ഖുർആൻ പലമട്ടിൽ ആവർത്തിച്ചു പറയുന്നുണ്ട്. لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَا ۚ لَهَا مَا كَسَبَتْ وَعَلَيْهَا مَا ٱكْتَسَبَتْ (അല്ലാഹു ആരെയും അവരുടെ കഴിവിൽ കവിഞ്ഞതു വഹിപ്പിക്കുകയില്ല. ഒരുവൻ ചെയ്യുന്ന നന്മയുടെ ഫലം അവനു ലഭിക്കും. തിന്മ ചെയ്താൽ അതിന്റെ നാശവും അവനുതന്നെ - 2:286). هَلْ جَزَآءُ ٱلْإِحْسَـٰنِ إِلَّا ٱلْإِحْسَـٰنُ ﴿٦٠﴾ (നന്മയുടെ ഫലം നന്മയല്ലാതെയുണ്ടോ - 55:60). വിചാരണനാളിനെക്കുറിച്ചു പറയുന്നു: ٱلْيَوْمَ تُجْزَىٰ كُلُّ نَفْسٍۭ بِمَا كَسَبَتْ (അന്ന് ഓരോ മനുഷ്യനും അവൻ സമ്പാദിച്ച കർമങ്ങളുടെ ഫലം ലഭിക്കുന്നു). فَٱلْيَوْمَ لَا تُظْلَمُ نَفْسٌ شَيْـًٔا وَلَا تُجْزَوْنَ إِلَّا مَا كُنتُمْ تَعْمَلُونَ ﴿٥٤﴾ (അന്ന് യാതൊരാളും യാതൊരനീതിക്കും ഇരയാകുന്നതല്ല. നിങ്ങൾ പ്രവർത്തിച്ചതിനല്ലാതെ പ്രതിഫലം നൽകപ്പെടുന്നതുമല്ല - 36:54). ശിക്ഷിക്കപ്പെട്ടവരെക്കുറിച്ചു പറയുന്നു: وَمَا ظَلَمْنَـٰهُمْ وَلَـٰكِن كَانُوا۟ هُمُ ٱلظَّـٰلِمِينَ ﴿٧٦﴾ (നാം അവരോട് അക്രമം ചെയ്യുകയായിരുന്നില്ല, പ്രത്യുത അവർ സ്വയം അക്രമികളായതായിരുന്നു - 43:76).

**52:** സമ്പ്രദായം, കീഴ്‌വഴക്കം, ചര്യ, നടപടിക്രമം തുടങ്ങിയ അർഥങ്ങളുള്ള പദമാണ് **دأب**. അവരിൽ അല്ലാഹുവിന്റെ നടപടി, അല്ലെങ്കിൽ അവരുടെ ചരിത്രം എന്നാണ് ഇവിടെ ഉദ്ദേശ്യം. നടപടി, ചര്യ പോലെ എന്നാണ് كَدَأْبِ-ന്റെ അർഥം. كَدَأْبِ എന്നു തുടങ്ങുന്ന വാക്യം നിരുക്തമായ ഒരു ആഖ്യയുടെ ആഖ്യാതമാണ്. كَدَأْبِ ءَالِ فِرْعَوْنَ **دأبهم** അവരുടെ ചരിത്രം അല്ലെങ്കിൽ അല്ലാഹു അവർക്കെതിരെ കൈക്കൊണ്ട നടപടി ഫറവോനികളുടെ ചരിത്രം പോലെ തന്നെ എന്നാണുദ്ദേശ്യം. **آل فرعون**-നെയാണ് ഫറവോനികൾ എന്ന് തർജമ ചെയ്തിട്ടുള്ളത്. ഒരാളുടെ വംശവും അയാളുടെ നേതൃത്വം അംഗീകരി

ക്കുന്നവരും അയാളുടെ لَ-ആകുന്നു.

മുൻ സൂക്തത്തിൽ സൂചിപ്പിച്ച രണ്ടു സംഗതികൾക്കുമുള്ള ഉദാഹരണമായിട്ടാണ് ഫറവോനികളുടെ ചരിത്രം അനുസ്മരിക്കുന്നത്. ബദ്റിൽ ധർമധിക്കാരികൾക്കേറ്റ പരാജയം അവരുടെ കർമഫലമായിരുന്നു എന്നതാണ് ഒന്ന്. ഖുറൈശി ധിക്കാരികളെപ്പോലെ പ്രവാചകൻ സമർപ്പിച്ച ദൈവിക പ്രമാണങ്ങളെ തള്ളിക്കളയുകയും ഇവർ മുഹമ്മദ് നബിക്കെതിരെ പടനയിച്ചതുപോലെ മൂസാ നബിക്കും വിശ്വാസികൾക്കുമെതിരിൽ പടനയിക്കുകയും ചെയ്യുകയായിരുന്നു ഫറവോനികൾ. ധർമനിഷേധികൾ ഇത്തരം ക്രൂരമായ ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നത് അല്ലാഹു അവരോട് അനീതി ചെയ്യുന്നതുകൊണ്ടല്ല; പ്രത്യുത അവർ സ്വയം തങ്ങളോട് അതിക്രമം കാണിക്കുന്നതിന്റെ ഫലമായിട്ടാണ് എന്നതാണ് രണ്ടാമത്തെ സംഗതി. നല്ല കർമങ്ങൾ നല്ല ഫലമുളവാക്കും ചീത്ത കർമങ്ങൾ ചീത്ത ഫലമുളവാക്കും എന്നത് പ്രകൃതി നിയമമാണ്, ചരിത്രത്തിന്റെ അനിവാര്യതയാണ്. ഫറവോൻ മൂസാ(അ)യോടും ഇസ്റാഈല്യരോടും ചെയ്തത് പാപവും അതിക്രമവുമായിരുന്നുവെന്നതിൽ ഇന്നാർക്കും സന്ദേഹമില്ല. ഈ സൂക്തം അവതരിക്കുന്ന കാലത്തും സ്ഥിതി അതുതന്നെയായിരുന്നു. അതുപോലെയുള്ള അതിക്രമം തന്നെയാണ് നിങ്ങൾ മുഹമ്മദ് നബിയോടും വിശ്വാസികളോടും കാണിക്കുന്നത് എന്ന് ഖുറൈശികളോട് ഉണർത്തുന്നുമുണ്ട് ഈ സൂക്തം. ഫറവോനികളെ കൂടാതെ വേറെയും പല ജനതകൾ ഇങ്ങനെ നശിച്ചു പോയിട്ടുണ്ട്. അവയിൽ ലൂത്വ്, ശുഐബ്, ഹൂദ് തുടങ്ങിയ പ്രവാചകന്മാരുടെയും അവരുടെ ജനതകളുടെയും കഥകൾ അറബികൾക്ക് സുപരിചിതമായിരുന്നു. ഇവരെക്കാൾ എത്രയോ ശക്തരും സമ്പന്നരുമായിരുന്നു അവരൊക്കെയും. അതൊന്നും പക്ഷേ, ധർമനിഷേധം സൃഷ്ടിച്ച അനിവാര്യ ദുരന്തത്തിൽനിന്ന് അവരെ രക്ഷിച്ചില്ല. അല്ലാഹുവിന്റെ ശക്തിക്കുമുമ്പിൽ അവരുടെ ശക്തികളെല്ലാം അഗണ്യമായിരുന്നു. അല്ലാഹുവാകട്ടെ, അതികഠിനമായി ശിക്ഷിക്കുന്നവനുമാണ്.

ഈ സൂക്തത്തിൽ അവരുടെ പാപങ്ങളെ പ്രതി അവരെ പിടികൂടി فَأَخَذَهُمُ ٱللَّهُ بِذُنُوبِهِمْ എന്ന വാക്യം കൊണ്ടുദ്ദേശ്യം ഫറവോനികൾ മൂസയെ തള്ളിപ്പറഞ്ഞ ഉടനെ അവരെ നശിപ്പിച്ചു കളഞ്ഞു എന്നല്ല, ഒരു ജനത പ്രവാചകനെ നിഷേധിച്ച ഉടനെ അവരെ നശിപ്പിച്ചു കളയുകയല്ല അല്ലാഹുവിന്റെ രീതി. അതിനു മുമ്പ് അവർ ബോധവാന്മാരായി സത്യത്തിലേക്കു മടങ്ങുന്നതിനുവേണ്ടി പല പരീക്ഷണങ്ങൾക്കും അവരെ വിധേയരാക്കുന്നു. സൂറഃ *അൽ അൻആം* 42-ാം സൂക്തത്തിൽ പറയുന്നു:

وَلَقَدْ أَرْسَلْنَآ إِلَىٰٓ أُمَمٍ مِّن قَبْلِكَ فَأَخَذْنَٰهُم بِٱلْبَأْسَآءِ وَٱلضَّرَّآءِ لَعَلَّهُمْ يَتَضَرَّعُونَ ﴿٤٢﴾

(നിനക്ക്(മുഹമ്മദ് നബിക്ക്) മുമ്പും നിരവധി സമുദായങ്ങളിലേക്ക് നാം ദൂതന്മാരെ അയച്ചിട്ടുണ്ടായിരുന്നു. അപ്പോൾ സമുദായങ്ങളെ വിപത്തുക്കളാലും യാതനകളാലും പിടികൂടിയിരുന്നു. അവർ സത്യധർമാദികളോട് വിധേയത്വമുള്ളവരാകാൻ). *അൽ അഅ്റാഫ്* 94-ാം സൂക്തത്തിൽ പറയുന്നു:

وَمَآ أَرْسَلْنَا فِى قَرْيَةٍ مِّن نَّبِىٍّ إِلَّآ أَخَذْنَآ أَهْلَهَا بِٱلْبَأْسَآءِ وَٱلضَّرَّآءِ لَعَلَّهُمْ يَضَّرَّعُونَ ﴿٩٤﴾

(നാം ഏതു നാട്ടിൽ ഏതു പ്രവാചകനെ നിയോഗിച്ചപ്പോഴും ആദ്യം ആ നാട്ടുകാരെ പ്രയാസങ്ങളിലും പ്രതിസന്ധികളിലും അകപ്പെടുത്തി പരീക്ഷിക്കാതിരുന്നിട്ടില്ല; അവർ സത്യധർമാദികളോട് വിനയമുള്ളരാകുന്നതിനുവേണ്ടി). ഇതുപോലുള്ള പരീക്ഷണങ്ങൾക്ക് ഫറവോനികളെയും വിധേയരാക്കിയിരുന്നു. പ്രളയം, വെട്ടുകിളി ശല്യം, തവള ശല്യം തുടങ്ങിയ ദുരിതങ്ങളെക്കുറിച്ച് ഖുർആനും ബൈബിളും വിവരിക്കുന്നുണ്ട്. അതൊക്കെയും അല്ലാഹുവിങ്കൽ നിന്നുള്ള ദൃഷ്ടാന്തങ്ങളായിരുന്നു. പക്ഷേ, ഫറവോനികൾ ആ ദൃഷ്ടാന്തങ്ങൾ അംഗീകരിക്കാനോ സത്യത്തിനു വഴങ്ങാനോ തയാറായില്ല. അങ്ങനെ ഒടുവിൽ അവർ സമ്പൂർണനാശത്തിനു വിധേയരാവുകയായിരുന്നു.

ബദ്റിൽ ഖുറൈശികൾക്കേറ്റ പരാജയം അല്ലാഹുവിന്റെ ഭാഗത്തുനിന്നുണ്ടായ ഒന്നാമത്തെ പരീക്ഷണം-ഉണർത്തൽ ആണ്. ഖുറൈശികൾ അതിൽനിന്ന് പാഠം പഠിക്കുന്നുവോ അതല്ല നശിച്ചുപോയ പൂർവ സമുദായങ്ങളെ അനുകരിച്ച് പ്രവാചകനോടും വേദത്തോടുമുള്ള നിഷേധത്തിൽ ഉറച്ചു നിൽക്കുന്നുവോ എന്നതാണ് അവരുടെ മുന്നിലുള്ള ചോദ്യം. നിഷേധത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ ഇനിയും ഇത്തരം വിപത്തുകൾ കൊണ്ട് അല്ലാഹു പരീക്ഷണം ആവർത്തിച്ചുകൊണ്ടിരിക്കും. എന്നിട്ടും സത്യത്തിലേക്കുണരാൻ കൂട്ടാക്കുന്നില്ലെങ്കിൽ ഒടുവിൽ, ഫറവോനികളും അതുപോലുള്ള സമുദായങ്ങളും നശിപ്പിക്കപ്പെട്ടതുപോലെ അവരും നശിപ്പിക്കപ്പെടും.

**53:** ജനതകളെ അല്ലാഹു ഈ രീതിയിൽ ഉണർത്തുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നതിനടിസ്ഥാനമായ തത്ത്വം വിശദീകരിക്കുകയാണീ സൂക്തം. അല്ലാഹു ഏതെങ്കിലും ജനതയെ അനുഗ്രഹിക്കുന്നുവെങ്കിൽ അത് അവരുടെ ചില ഗുണങ്ങളെയും ചര്യകളെയും ആധാരമാക്കിയാണ്. യാതൊരു തത്ത്വദീക്ഷയുമില്ലാതെ ജനതതികളെ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുക അവന്റെ രീതിയല്ല. ഏതെല്ലാം ഗുണങ്ങളുടെയും ചര്യകളുടെയും അടിസ്ഥാനത്തിലാണോ ഒരു ജനത അനുഗൃഹീതരായിരുന്നത്, ആ ഗുണങ്ങളിൽനിന്ന് അവർ മുക്തരാകുമ്പോഴാണ് അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ അവരിൽനിന്ന് പിൻവലിക്കുന്നത്. ഈ അനുഗ്രഹം ചൊരിയലും ചോർത്തിക്കളയലും പലപ്പോഴും ഒറ്റയടിക്കാവില്ല. ജനതകളുടെ സ്വഭാവചര്യകൾ സംസ്കൃതവും പുരോഗമനാത്മകവും ആകുന്നമുറക്കായിരിക്കും അനുഗ്രഹലബ്ധി. അനുഗൃഹീതരായശേഷം ഗുണങ്ങളിൽനിന്ന് പിന്നോട്ടു പോകുന്നമുറക്ക് അനുഗ്രഹങ്ങൾ ചോർന്നുകൊണ്ടിരിക്കുകയും ചെയ്യും. ഈ ചോർച്ചയെ അല്ലാഹുവിങ്കൽനിന്നുള്ള ഉൽബോധനവും താക്കീതുമായെടുത്ത് വീഴ്ചകൾ പരിഹരിക്കുന്നവർ പൂർവസ്ഥിതിയിലേക്കു മടങ്ങാനും നിലനിൽക്കാനുമുള്ള അർഹത വീണ്ടെടുക്കുന്നു. അനുഗ്രഹ നഷ്ടങ്ങളെ ആ വിധത്തിൽ കാണുന്നില്ലെങ്കിൽ പരീക്ഷണങ്ങളുടെ ആവർത്തനത്തിലൂടെ അല്ലാഹു അവന്റെ ന്യായം പൂർത്തിയാക്കുന്നു. പിന്നീടുണ്ടാകുന്ന പരിണതിയുടെ മുഴുവൻ ഉത്തരവാദിത്വവും അവരിൽ തന്നെയാണ്. അല്ലാഹു ആരോടും ഒരനീതിയും കാണിക്കുന്നില്ല. ആരോടും ഒട്ടും പക്ഷപാതിത്വവുമില്ല. ഇതിൽ ഖുറൈശികൾക്ക് ഒരു താക്കീതുണ്ട്. നിങ്ങൾക്ക് ഇപ്പോഴും രക്ഷപെടാൻ അവസരമുണ്ട്. അല്ലാഹു നിങ്ങൾക്കരുളിയ അനുഗ്രഹങ്ങൾ ബലാൽക്കാരം ചോർത്തിക്കളയാൻ അവനുദ്ദേശിക്കുന്നില്ല. പക്ഷേ, നിങ്ങളുടെ അന്ധവിശ്വാസങ്ങളും ദുഷിച്ച സ്വഭാവങ്ങളും അതു ചോർന്നുപോകാനുള്ള വൻ കവാടങ്ങളാകുന്നു. ആ കവാടങ്ങൾ സ്വയം അടക്കുക. സ്വഭാവചര്യകൾ സംസ്കരിക്കുക. അങ്ങനെ നിലനിൽക്കാനും വികസിക്കാനുമുള്ള യോഗ്യതയാർജിക്കുക.

ജനതകളുടെ ഉത്ഥാനപതനങ്ങളിൽ അല്ലാഹു അജ്ഞനോ തത്ത്വദീക്ഷയില്ലാത്തവനോ അല്ലെന്ന് ഊന്നിപ്പറയുകയാണ് وَأَنَّ ٱللَّهَ سَمِيعٌ عَلِيمٌ എന്ന വാക്യം. എല്ലാം അവൻ അറിയുകയും ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്. അവന്റെ അറിവിന്റെയും യുക്തിദീക്ഷയുടെയും താൽപര്യമനുസരിച്ചാണ് എല്ലാം നടക്കുന്നത്. സമുദായങ്ങൾക്ക് അധികാരവും സമ്പത്തും സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്നവൻ അതൊക്കെ അവരെങ്ങനെയാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതെന്ന് സൂക്ഷ്മമായി വീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ആരിൽ എപ്പോൾ എന്തുമാറ്റം വരുത്തണമെന്ന് അവന്നറിയാം. ആ അറിവിന്റെ പ്രതികരണമാണ് മനുഷ്യചരിത്രത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഇസ്‌ലാമിക ചരിത്ര ദർശനത്തിന്റെ ഒരടിസ്ഥാന തത്ത്വമാണിത്. സൂറഃ *അർറഅ്ദ്* 11-ാം സൂക്തത്തിൽ ഇത് ഇങ്ങനെ ആവർത്തിക്കുന്നുണ്ട്:

إِنَّ ٱللَّهَ لَا يُغَيِّرُ مَا بِقَوْمٍ حَتَّىٰ يُغَيِّرُوا۟ مَا بِأَنفُسِهِمْ ۗ وَإِذَآ أَرَادَ ٱللَّهُ بِقَوْمٍ سُوٓءًا فَلَا مَرَدَّ لَهُۥ ۚ

(ഒരു ജനത സ്വന്തം ഗുണങ്ങളെ സ്വയം പരിവർത്തിപ്പിക്കുന്നതുവരെ അല്ലാഹു അവരുടെ അവസ്ഥയെ പരിവർത്തിപ്പിക്കുന്നില്ല. അല്ലാഹു ഒരു ജനതക്ക് ദുർഗതി വരുത്താൻ തീരുമാനിച്ചാൽ ആർക്കും അതു തടയാനാവില്ല). സാമൂഹിക പരിവർത്തനത്തിൽ അഥവാ ചരിത്ര നിർമിതിയിൽ സമൂഹത്തിന്റെ സ്വത്വത്തിനു അനിഷേധ്യമായ പങ്കുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു സമൂഹം സ്വയം തന്നെയാണ് അതിന്റെ ചരിത്രം നിർമിക്കുന്നത്. സമൂഹത്തിന്റെ സ്വഭാവചര്യകൾ ഉൽകൃഷ്ടമാണെങ്കിൽ അവരുടെ ചരിത്രം മുന്നോട്ടും നേരെ മറിച്ചാണെങ്കിൽ പിന്നോട്ടും ഗമിക്കുന്നു. എന്നാൽ സമൂഹത്തിനു മാത്രമായി ചരിത്രം സൃഷ്ടിക്കാൻ കഴിയുമെന്ന് ഖുർആൻ പറയുന്നില്ല. മാറ്റങ്ങൾ നല്ലതായാലും ചീത്തയായാലും യഥാർഥത്തിൽ സൃഷ്ടിക്കുന്നത് അല്ലാഹുവാണ്. പക്ഷേ, മനുഷ്യന്റെ ഇഛാശക്തിയെയും കർമഗുണത്തെയും അവൻ മാനിക്കുന്നു. മനുഷ്യന് അല്ലാഹു അരുളുന്ന ആദരവും പരിഗണനയുമാണത്. മനുഷ്യൻ ചിന്താപരവും കർമപരവുമായ ഔൽകൃഷ്ട്യം നേടുകയും ചരിത്രത്തെ മുന്നോട്ടു നയിക്കാൻ പരിശ്രമിക്കുകയും ചെയ്യുമ്പോൾ ആ പരിശ്രമത്തെ അല്ലാഹു വിജയിപ്പിക്കുന്നു. ആ വിജയം കാര്യകാരണ വ്യവസ്ഥക്കുള്ളിൽതന്നെയായിരിക്കും. കാര്യകാരണ വ്യവസ്ഥയിൽ തന്നെയുള്ള എതിർസാധ്യതകളെ തടയുന്നത് അല്ലാഹുവാണ്. ബദ്ർ സംഭവം അതിന്റെ മികച്ച ഉദാഹരണമാണ്.

നാഗരികതകളുടെ നിലനിൽപ് നീതിയിലധിഷ്ഠിതമാണ്. നീതി ചോർന്നുപോകുന്ന നാഗരികതകൾ ജീർണിക്കുകയും അധഃപതിക്കുകയും ചെയ്യുന്നു. അധർമത്തിലും അനീതിയിലും അധിഷ്ഠിതമായ നാഗരികത ഭൗതികമായി എത്ര പകിട്ടാർന്നതായാലും ഏറെക്കാലം നിലനിൽക്കുകയില്ല. സംസ്കാരത്തിന്റെ, വ്യവസ്ഥിതിയുടെ, ജനതയുടെ നിലനിൽപിന്നാധാരം ആ സംസ്കാരത്തിന്റെ മൂല്യങ്ങളും വ്യവസ്ഥിതിയുടെ നൈതിക പ്രതിബദ്ധതയും ജനതയുടെ കർമ-ധാർമിക നിലവാരവുമാണ്. ജനതയുടെയും സംസ്കാരത്തിന്റെയും നിലനിൽപിന്നാധാരം ഇതല്ലാതെ മറ്റു ബല-തന്ത്രങ്ങളൊന്നുമല്ല എന്നതിനുള്ള അനിഷേധ്യമായ സാക്ഷ്യം ഇന്നോളമുള്ള മനുഷ്യചരിത്രം തന്നെയാണ്. ജനതയുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതും തുഛപ്പെടുത്തുന്നതും ആ ജനത തന്നെ. സത്യം, ധർമം, നീതി ഇവയോടുള്ള പ്രതിബദ്ധതയിൽനിന്നാണ് ജനതക്ക് യഥാർഥ ഉത്ഥാനത്തിനുള്ള പ്രചോദനവും ശക്തിയും ലഭിക്കുന്നത്. അതല്ലാത്ത ഉപാധികളിലൂടെയുള്ള ഉത്ഥാനം പിടിച്ചു പറിച്ചതോ മോഷ്ടിച്ചതോ ആയ ഉത്ഥാനമാണ്. ഏതവസ്ഥയിലും യഥാർഥ അവകാശികൾ അതു തിരിച്ചു പിടിക്കാൻ വരുമെന്ന നിതാന്ത ഭയത്തോടെ, അതു തടയാനുള്ള ആയുധങ്ങളണിഞ്ഞുകൊണ്ടു വേണം അവർക്കു നാളുകൾ നീക്കാൻ. എന്നാൽ തന്നെ ആ നാളുകൾ ഏറെയൊന്നും നീളുകയുമില്ല. കഴിഞ്ഞ ശതകം വരെ നിലവിലുണ്ടായിരുന്ന സൂര്യനസ്തമിക്കാത്ത സാമ്രാജ്യങ്ങൾ ഇന്നെവിടെ? കഴിഞ്ഞ നൂറ്റാണ്ടിൽ നിലവിൽവന്ന സോഷ്യലിസ്റ്റ് റഷ്യൻ സാമ്രാജ്യം എവിടെ? നേരത്തെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കോളനിയായിരുന്ന അമേരിക്കയാണ് ഇന്നത്തെ സാമ്രാജ്യശക്തി. പൂർവിക സാമ്രാജ്യങ്ങളുടെ ഗതി തന്നെയാണ് അതിനെയും കാത്തിരിക്കുന്നത്. ■

## തിരുത്ത്

*പ്രബോധനം* വാരിക (ലക്കം: 38) *ഖുർആൻ ബോധന*ത്തിൽ 48-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ അവസാനഭാഗത്ത് (പേജ്: 23-24) 'എന്നാൽ ബദ്ർ സംഭവത്തിൽ യഹൂദർ എന്തെങ്കിലും തരത്തിൽ പങ്കുവഹിച്ചതിന് ചരിത്രപരമായ തെളിവുകൾ ലഭിച്ചിട്ടില്ല' എന്ന് അച്ചടിച്ചത് 'ബദ്റിൽ യഹൂദർ ഖുറൈശികളെ ആയുധം നൽകി സഹായിച്ചിരുന്നുവെന്ന് ഇബ്നു അബ്ബാസ് നിവേദനം ചെയ്തിട്ടുണ്ട്' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

പത്രാധിപർ